മധുരമായ കുട്ടികളെ- നിങ്ങളുടെ ബുദ്ധി സദാ സന്തോഷം കൊണ്ട് നിറഞ്ഞിരിക്കണം എന്തുകൊണ്ടെന്നാല് നിങ്ങളിപ്പോള് ബാബയ്ക്കു സമാനം മാസ്റ്റര് നോളേജ്ഫുള് ആയിരിക്കുന്നു.

ചോദ്യം :- നിങ്ങള് കുട്ടികള് 21 ജന്മങ്ങളിലേയ്ക്ക് സമ്പന്നമായി മാറുന്നത് എന്തിന്റെ ആധാരത്തിലാണ്?

ഉത്തരം :- സംഗമത്തില് നിങ്ങള് തന്റെ എല്ലാം ബാബയ്ക്ക് നേരിട്ട് നല്കുന്നു. നിങ്ങള് എല്ലാം ബാബയെ ഏല്പ്പിക്കുന്നു ഇതിന് റിട്ടേണായി നിങ്ങള് 21 ജന്മങ്ങളിലേയ്ക്ക് സമ്പന്നമാകുന്നു. ബാബ പറയുന്നു ഈ സമയത്ത് നിങ്ങളുടെ കൈവശം എന്തെല്ലാം അഴുക്ക് ചവറുകളുണ്ടോ അതെല്ലാം എനിക്ക് നല്കൂ, മരിക്കുന്നതിനു മുമ്പ് തന്റെ എല്ലാം ട്രാന്സ്ഫര് ചെയ്യൂ എങ്കില് ഭാവിയില് അതിന്റെ റിട്ടേണ് ലഭിക്കും.

ഗീതം :- ഓം നമ:ശിവായ............

ഓംശാന്തി. സാലീഗ്രാമങ്ങളോട് ശിവഭഗവാന് പറയുകയാണ്. ആത്മീയ അച്ഛന് ആത്മീയ മക്കള്ക്ക് മനസ്സിലാക്കിത്തരികയാണ്. ഇപ്പോള് നിങ്ങള് കുട്ടികള്ക്ക് അറിയാം ഇവിടെ നമുക്ക് ആത്മാവാണ് എന്ന് മനസ്സിലാക്കിവേണം ഇരിക്കാന്, ശരീരമാണെന്ന് കരുതിയല്ല എന്നാല് ഈ മുഴുവന് ലോകത്തിലും ഒരാള്ക്ക് പോലും ആത്മാവ് എന്നാല് എന്താണ് എന്ന് അറിയുകയില്ല. ആത്മാവിനെപ്പോലും അറിയുകയില്ലെങ്കില് പിന്നെങ്ങിനെ പരമാത്മാവിനെ മനസ്സിലാക്കും? ബാബയിലൂടെ മാത്രമേ ആത്മപരിചയം ലഭിക്കൂ. ആത്മാവിനേയും പരമാത്മാവിനേയും അറിയാത്ത കാരണത്താല് തന്നെയാണ് മനുഷ്യന് ദു:ഖിയായത്. ഇപ്പോള് നിങ്ങള് കുട്ടികള്ക്ക് മനസ്സിലായി ഈ ഡ്രാമയുടെ അഥവാ സൃഷ്ടിവൃക്ഷത്തിന്റെ ആയുസ്സ് 5000 വര്ഷമാണ്. ഇതും മനസ്സിലാക്കുന്നുണ്ട് അഥവാ ആ വൃക്ഷങ്ങളുടെ ബീജം ചൈതന്യത്തില് ഉണ്ടായിരുന്നെങ്കില് അത് പറയുമായിരുന്നു എന്നില് നിന്നും ഇങ്ങനെയാണ് വൃക്ഷം ഉണ്ടായതെന്ന്. ഇപ്പോള് അതാണെങ്കില് ജഢമാണ്, ചൈതന്യത്തിലുള്ളത് ഒരേ ഒരു മനുഷ്യസൃഷ്ടിയുടെ വൈവിദ്ധ്യമായ വൃക്ഷം മാത്രമാണ്. നിങ്ങള് കുട്ടികള്ക്ക് ഇപ്പോള് മുഴുവന് ജ്ഞാനവുമുണ്ട്. നിങ്ങള്ക്ക് നമ്പര്വൈസ് പുരുഷാര്ത്ഥം അനുസരിച്ച് ആരംഭം മുതല് അന്ത്യം വരെയുള്ള മുഴുവന് വൃക്ഷത്തിന്റേയും ജ്ഞാനം ലഭിച്ചിട്ടുണ്ട്. എങ്ങനെയാണോ ബീജത്തില് മുഴുവന് വൃക്ഷത്തിന്റേയും ജ്ഞാനം ഉള്ളത് അതുപോലെ. ഈ അച്ഛന് ചൈതന്യ ബീജരൂപമാണ്, പാടുന്നുമുണ്ട് പരമപിതാ പരമാത്മാ സത്-ചിത്ത്- ആനന്ദസ്വരൂപമെന്ന്. നിരാകാരനാണ് മഹിമ പാടിയിട്ടുള്ളത്. ബാബയുടെ മഹിമ എല്ലാവരില് നിന്നും തീര്ത്തും വേറിട്ടതാണ്. മനുഷ്യര്ക്കാണെങ്കില് ഒന്നും അറിയില്ല. തീര്ച്ചയായും ദേവതകള്ക്ക് അവരുടെ സമ്പത്ത് ഇവിടെ നിന്നാണ് ലഭിക്കുന്നത് പക്ഷേ അവര്ക്ക് അവിടെ ഈ ജ്ഞാനമുണ്ടാകില്ല. വളരെ അത്ഭുതപ്പെടുത്തുന്ന കാര്യമല്ലേ. ഇവിടെ ഇപ്പോള് നിങ്ങള്ക്കാണ് മുഴുവന് ജ്ഞാനവും ലഭിക്കുന്നത്. എങ്ങിനെയാണ് ഈ സൃഷ്ടിചക്രം കറങ്ങുന്നത് എന്ന ജ്ഞാനം ബുദ്ധിയിലുണ്ട്. അച്ഛന് വന്ന് പുതിയ രാജധാനി സ്ഥാപിക്കുകയാണ്. നിങ്ങള് ഈ ഡ്രാമയിലെ അഭിനേതാക്കളാണ്. കേവലം നിങ്ങള്ക്കുമാത്രമാണ് ഈ ഡ്രാമയുടെ ആദി-മദ്ധ്യ- അന്ത്യത്തിന്റേയും രചയിതാവിന്റേയും രചനയുടേയും ജ്ഞാനമുള്ളത് ബാക്കി ആര്ക്കും ഈ ജ്ഞാനമില്ല. ശൂദ്രവര്ണ്ണത്തിലുള്ളവര്ക്കും ഈ ജ്ഞാനമില്ല, ദേവതാ വര്ണ്ണത്തിലുള്ളവര്ക്കും ഈ ജ്ഞാനമില്ല. കേള്ക്കുന്നവര് അത്ഭുതപ്പെടും. മനുഷ്യര് പറയുന്ന ആഘോഷിക്കുന്ന ഉത്സവങ്ങളെല്ലാം പാരമ്പര്യമായി ആഘോഷിച്ചുവരുന്നതാണ്. പക്ഷേ ബാബ മനസ്സിലാക്കിത്തരുന്നു സത്യയുഗത്തില് ഇതൊന്നും ഉണ്ടാകില്ല. അവിടെ ആര്ക്കും ഉത്സവങ്ങളെ അറിയില്ല. ഇപ്പോള് പറയാറുണ്ട് ദസറ, ദീപാവലി മുതലായ ആഘോഷങ്ങള് വരാനുണ്ട്. അവിടെ ഈ കാര്യങ്ങള് ഒന്നും ഓര്മ്മയിലുണ്ടാകില്ല. പൂര്ണ്ണമായും നിശ്ചിന്തമായി രാജ്യം ഭരിക്കും.

ഇപ്പോള് ഇവിടെ നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറന്നിരിക്കുകയാണ്. നിങ്ങള് അഭിനേതാക്കളാണ്. ഈ ഡ്രാമയുടെ രചയിതാവ്, സംവിധായകന്, മുഖ്യ അഭിനേതാവ്, സംവിധാനം മുതലായവയെ അറിയുമോ. ഈ ജ്ഞാനം ആരുടെ ബുദ്ധിയില് ഇരിക്കുന്നോ അവര്ക്ക് അപാരസന്തോഷം ഉണ്ടാകും. ഈശ്വരീയ പിതാവിനേയാണ് നോളേജ്ഫുള് ജ്ഞാനസാഗരന് എന്ന് പറയുന്നത്. എന്ത് നോളേജാണ്? നിങ്ങള്ക്കല്ലാതെ മറ്റാര്ക്കും ഇത് മനസ്സിലാക്കാന് സാധിക്കില്ല. ഈശ്വരനെത്തന്നെയാണ് ജ്ഞാനസാഗരന്, സര്വ്വശക്തിവാന് എന്ന് പറയുന്നത്. എങ്കില് എന്തിന്റെ ജ്ഞാനമാണ്? മുഴുവന് വേദ, ശാസ്ത്ര, ഗ്രന്ഥങ്ങളുടേയും സൃഷ്ടിയുടെ ആദി-മദ്ധ്യ-

അന്ത്യത്തിന്റേയും. ശാസ്ത്രങ്ങളില് ഈ ജ്ഞാനമില്ല. അത് ഭക്തിമാര്ഗ്ഗത്തിനായുള്ള ശാസ്ത്രമാണ്, കേവലം പൂജചെയ്തുകൊണ്ടിരിക്കുന്നു. ബാക്കി രചയിതാവിന്റേയും രചനയുടേയും ജ്ഞാനം തീര്ത്തുമില്ല. അതിനാലാണ് ഋഷി മുനി മുതലായവര് പറയുന്നത് ഞങ്ങള് രചയിതാവിനേയും രചനയേയും അറിയുകയില്ല. മനസ്സിലാക്കിത്തരുന്നത് ഒരേ ഒരു അച്ഛനാണ്. എങ്കില് പിന്നെ മറ്റെവിടെയെങ്കിലും നിന്ന് എങ്ങനെ അറിയാന് സാധിക്കും. ഇപ്പോള് നിങ്ങള് അച്ഛനിലൂടെ കേള്ക്കുകയാണ് പിന്നീട് ഈ ജ്ഞാനം നഷ്ടപ്പെടുന്നു. ഈ അറിവ് നിങ്ങള് കുട്ടികള്ക്ക് അല്ലാതെ മറ്റാര്ക്കും ഇല്ല. നിങ്ങള്ക്ക് എത്ര ശ്രേഷ്ഠമായ ജ്ഞാനമാണ് ലഭിക്കുന്നത്. എങ്കില് നിങ്ങള് കുട്ടികള്ക്ക് എത്ര സന്തോഷം ഉണ്ടാകണം! ലോകര് ഡോക്ടര് പഠനത്തിനായി വിദേശത്തേയ്ക്ക് പോകുന്നു. നിങ്ങളെ ഞാന് ഇവിടെ ഇങ്ങനെയാക്കി മാറ്റുകയാണ് അവിടെ ഡോക്ടറേയുണ്ടാവില്ല. നോളേജ്ഫുള്ളായ പരിധിയില്ലാത്ത അച്ഛനില് നിന്നും നമ്മള് എല്ലാം അറിയുകയാണ്. നമ്മള് ബാബയുടെ സന്താനങ്ങളാണ്. എങ്കില് ജ്ഞാനത്താല് ബുദ്ധി എത്രത്തോളം നിറഞ്ഞിരിക്കണം. എത്ര സന്തോഷം ഉണ്ടായിരിക്കണം. നമ്മള്ക്ക് അറിയാത്തതായി ഒരു വസ്തുവുമില്ല. ലോകര് എന്തെല്ലാം പഠിക്കുന്നുണ്ടോ അതൊന്നും ഒന്നുമല്ല. ഭക്തിമാര്ഗ്ഗത്തിലെ ശാസ്ത്രങ്ങള് എത്ര പഠിക്കുന്നു. പക്ഷേ ഈ സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്നത് ആര്ക്കും അറിയില്ല. നിങ്ങള് കുട്ടികള് ഇപ്പോള് മാസ്റ്റര് നോളേജ്ഫുള് ആവുന്നു. ചുരുക്കത്തില് മുഴുവന്ജ്ഞാനവും മനസ്സിലാക്കി. ബാക്കി ഇനി തമോപ്രധാനമായ ആത്മാവിനെ സതോപ്രധാനമാക്കി മാറ്റണം. ചിലര് തമോപ്രധാനത്തില് നിന്നു തമോ ആയി, ചിലര് തമോയില് നിന്ന് രജോ ആയി, ചിലര് രജോയില് നിന്നും സതോ ആയിട്ടുണ്ടാകും. സതോപ്രധാനമെന്ന് പറയില്ല. സതോപ്രധാന അവസ്ഥയില് എപ്പോള് എത്തുന്നോ അപ്പോള് നമ്പര്വൈസ് പുരുഷാര്ത്ഥം അനുസരിച്ച് കര്മ്മാതീതസ്ഥിതിയില് എത്തിച്ചേരും പിന്നീട് രാജ്യം ഭരിക്കാന് പുതിയ ലോകം വേണം അതിനായി വിനാശം ഉണ്ടാകുന്നു. എപ്പോള് ഈ യജ്ഞം പൂര്ത്തിയാകുന്നോ അപ്പോള് ഈ മുഴുവന് പഴയലോകവും ഇതില് ഹോമിക്കപ്പെടും. ഈ പഠിപ്പ് പൂര്ത്തിയാകും പിന്നീട് നമ്പര്വൈസ് പുരുഷാര്ത്ഥം അനുസരിച്ച് കര്മ്മാതീത അവസ്ഥയെത്തിച്ചേരും. എങ്ങനെയാണോ ലോകത്ത് പരീക്ഷ ജയിച്ച് അടുത്ത ക്ലാസിലേയ്ക്ക് ട്രാന്സ്ഫര് ആവുന്നത് അതുപോലെ നിങ്ങളും മൃത്യുലോകത്തില് നിന്നും ട്രാന്സ്ഫറായി അമരലോകത്തിലേയ്ക്ക് പോകും. നമ്മള് അമരലോകത്തിലായിരുന്നു പിന്നീട് പുനര്ജന്മങ്ങള് എടുത്ത് എടുത്ത് മൃത്യുലോകത്തിലെത്തി. നിങ്ങള് പറയുന്നു ഞങ്ങള് ഇപ്പോള് പഠിക്കുകയാണ് പിന്നീട് അമരലോകത്തില് ചെന്ന് ദേവീദേവതയായി മാറും. അച്ഛന് തന്നെയാണ് മനുഷ്യനില് നിന്നും ദേവതയാക്കി മാറ്റുന്നത്. പതിതരെ പാവന ദേവീദേവതയാക്കി ആരുമാറ്റും? ദേവീദേവതകളെ ഉണ്ടാക്കാന് ഇവിടെ ഒരു ദേവതയുമില്ല. ലക്ഷ്മീ നാരായണനു വേണമല്ലോ. അവര് ഇവിടെയുണ്ടാവുക സാധ്യമല്ല. നിങ്ങള് കുട്ടികള്ക്ക് അറിയാം ഈ സമയത്ത് ബാബയാണ് വന്ന് പഠിപ്പിക്കുന്നത്. സ്വര്ഗ്ഗത്തിന്റെ രാജ്യഭാഗ്യം നല്കുന്നു. സ്വര്ഗ്ഗവും ലക്ഷ്മീ നാരായണന്മാരുടെ രാജ്യവുമെല്ലാം ഉണ്ടായിരുന്നല്ലോ. ഇവരുടെ ഈ രാജധാനി ആരാണ് സ്ഥാപിച്ചത്? സ്വര്ഗ്ഗസ്ഥനായ പിതാവുതന്നെയാണ് ദേവീദേവതകള് രാജ്യം ഭരിച്ചിരുന്ന സ്വര്ഗ്ഗം അഥവാ സത്യയുഗത്തിന്റെ സ്ഥാപന ചെയ്തത്. അവിടെ രണ്ടാമത് ഒരു ഖണ്ഡം ഉണ്ടായിരുന്നില്ല. ഒരേഒരു ഭാരതം മാത്രമായിരുന്നു. നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മള് രാജ്യം ഭരിക്കുമ്പോള് മറ്റാരും ഉണ്ടാകില്ല. നിങ്ങളുടെ ബുദ്ധിയില് മുഴുവന് വൃക്ഷവുമുണ്ട്, ഇതിന്റെ ബീജം മുകളിലാണ്. ബീജം സത്യവും ചൈതന്യവുമാണ്. ആത്മാവും നശിക്കാത്തതാണ്. ബാബയും നശിക്കാത്തതാണ്. ബാബയില് എന്ത് ജ്ഞാനമാണോ ഉള്ളത് അത് നിങ്ങളെ കേള്പ്പിക്കുന്നു. മുഴുവന് വൃക്ഷവും നില്ക്കുന്നുണ്ട്, ബാബ മുകളിലാണ്. ഈ സമയത്ത് മനുഷ്യന് തമോപ്രധാനമായ മുള്ളാണ്. വൃക്ഷം പഴയതാകുമ്പോള് ഉണങ്ങുന്നു, അതുപോലെ ഇതിനെ പറയുന്നത് മുള്ളുകളുടെ കാടെന്നാണ്. അവിടെയുള്ളത് പൂക്കളുടെ പൂന്തോട്ടമാണ്. പൂന്തോട്ടക്കാരനുമുണ്ട്, ആരെയാണ് തോണിക്കാരന്, പൂന്തോട്ടത്തിന്റെ ഉടമസ്ഥന്, പൂന്തോട്ടക്കാരന് എന്നെല്ലാം വിളിക്കുന്നത്. ബാബയാണ് തോണിക്കാരന്. നിങ്ങളും ബോട്ട് ഓടിക്കാന് പഠിക്കുകയാണ്. എല്ലാവരുടേയും തോണി വളരെ പഴകിയിരിക്കുന്നു. ആത്മാവിനും ശരീരത്തിനും തോണി ഉണ്ടാക്കിയിട്ടുണ്ട്. പാടുന്നുമുണ്ട്- എന്റെ തോണിയെ അക്കരെയെത്തിക്കൂ.. ഇപ്പോള് തോണി പഴയതാണ് അതിനാല് ശരീരവും പഴയത്. ഇപ്പോള് എങ്ങനെ മറികടക്കും എവിടേയ്ക്ക് പോകും? നിങ്ങള്ക്ക് അറിയും അക്കരെ എന്നു പറയുന്നത് എന്തിനെയാണ്, മുക്തിധാമം, ജീവന്മുക്തിധാമം എന്നാല് എന്താണ്! ബാബ ഇപ്പോള് അക്കരെ എത്തിക്കുകയാണ്, ദുഃഖധാമത്തില് നിന്നും സുഖധാമത്തിലേയ്ക്ക് അഥവാ വിഷയസാഗരത്തില് നിന്നും ക്ഷീരസാഗരത്തിലേയ്ക്ക് കൊണ്ടുപോകുന്നു. അവര് കേവലം പാടുകമാത്രം ചെയ്യുന്ന തോണിയെ അക്കരെയെത്തിക്കൂ, പൂന്തോട്ടക്കാരാ വരൂ, മുള്ളുകളെ പൂക്കളാക്കി മാറ്റൂ എന്നെല്ലാം. നിങ്ങള്ക്കും ആദ്യം അറിയില്ലായിരുന്നു. ഉള്ളില് ജ്ഞാനം പറ്റിപ്പിടിച്ചാല് സദാ

സന്തോഷത്തിലിരിക്കും. ഒരു ചിന്തയും ഉണ്ടാകില്ല, ചിന്തകളില് നിന്ന് ഉപരിയായിരിക്കും.

നിങ്ങള്ക്ക് അറിയാം ബാബ നമ്മളെ കൊണ്ടുപോവുകയാണ്, ഇപ്പോള് നമ്മള് ബാബയെപ്പോലെയായി മാറുകയാണ്. കുട്ടികള് അച്ഛനെപ്പോലെയാവാറില്ലേ. ബാബ നോളേജ്ഫുള്ളാണ് നിങ്ങളേയും നോളേജ്ഫുള്ളാക്കി മാറ്റി. ആത്മാക്കളുടെ കണക്ഷന് അച്ഛന് പരമാത്മാവുമായിത്തന്നെയാണ്. ആത്മാവ് പറയുന്ന ബാബയില് എന്ത് ജ്ഞാനമാണോ ഉള്ളത് അത് ബാബ നമ്മള് ആത്മാക്കള്ക്ക് നല്കുന്നു. നിങ്ങളാണ് ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്. ഇതും പുതിയ കാര്യമല്ലേ. ബാബയ്ക്കല്ലാതെ മറ്റാര്ക്കും കേള്പ്പിക്കാന് കഴിയില്ല. നിരാകാരനായ അച്ഛനും സാകാരത്തിന്റെ ആധാരമെടുത്താണ് കേള്പ്പിക്കുന്നത്. ഇല്ലെങ്കില് നിങ്ങള്ക്ക് കേള്ക്കാന് കഴിയില്ല. കുട്ടികളെ അച്ഛന് തനിക്കു സമാനമാക്കി മാറ്റുന്നു. ദുഃഖ ഹര്ത്താ സുഖ കര്ത്താവ് ആ അച്ഛനാണ്. ബാബയ്ക്ക് എന്ത് മഹിമകളുണ്ടോ അത് നിങ്ങളുടേതുംകൂടിയാണ്, ഒരു വ്യത്യാസവുമില്ല. ബാക്കി എന്തുവ്യത്യാസമാണുള്ളത്? ഞാന് ജനന മരണത്തില് വരുന്നില്ല, നിങ്ങള് ജനന മരണത്തില് വരുന്നു. എന്നെ ജ്ഞാനസാഗരന് എന്നാണ് പറയുന്നത് അതിനാല് ഞാന് നിങ്ങള് കുട്ടികള്ക്ക് ജ്ഞാനം നല്കുന്നു. ഞാന് സുഖസാഗരന്, പവിത്രതയുടെ സാഗരന്, ശാന്തിസാഗരനാണ്, അതിനാല് നിങ്ങള്ക്കും ഈ സമ്പത്ത് നല്കുന്നു.

നിങ്ങള്ക്ക് അറിയാം ഈ മുഴുവന് ചക്രവും 5000 വര്ഷങ്ങള്ക്ക് ശേഷം വീണ്ടും കറങ്ങും. ഈ അറിവാണ് വരുമാനത്തിന്റെ ഉറവിടം. എത്രത്തോളം പഠിക്കുന്നുവോ അത്രത്തോളം അറിവിനാല് വരുമാനം ഉണ്ടാകുന്നു. ഇത് അറിവുമാണ് ജോലിയുമാണ്. പണമിടപാടുകാര് ഊഹക്കച്ചവടം നടത്താറുണ്ട് , നിങ്ങള് എന്താണ് നല്കുന്നത്? ചപ്പും ചവറുകളും. മരിച്ചശേഷം ക്രിയചെയ്യുന്നവര്ക്ക് ബാക്കിവന്ന പഴയ വസ്തുക്കളാണ് നല്കുക. നിങ്ങള്ക്ക് ജീവിച്ചിരിക്കെതന്നെ നല്കണം. ഈശ്വരാര്ത്ഥം നല്കുന്നു. ഇപ്പോള് ഈശ്വരന് പഴയ കട്ടിലുകളും മറ്റുമാണോ നല്കുക? അച്ഛന് പറയുന്നു നിങ്ങള് മരിക്കുന്നതിന് മുമ്പ് എല്ലാം നല്കൂ. ഈ പഴയ വസ്തുക്കള് നിങ്ങളുടെ ഉപയോഗത്തിന് പറ്റിയതല്ല. എത്ര വലിയ ധനവാനുമാകട്ടെ എത്ര ദിവസത്തേയ്ക്ക് ഉണ്ടാകും? ഒരു ജന്മത്തേയ്ക്ക്, പിന്നീട് കര്മ്മത്തിന്റെ ആധാരത്തില് എവിടെപ്പോയി ജന്മമെടുക്കും എന്ന് അറിയില്ല. നിങ്ങളാണെങ്കില് അച്ഛനില് നിന്നും 21 ജന്മത്തിലേയ്ക്കുള്ളത് എടുക്കുന്നു പുരുഷാര്ത്ഥം അനുസരിച്ച്.

ഇതാണ് ആത്മീയ സേവനം. മുഴുവന് ലോകത്തിന് ഭൗതീകമായ സേവനത്തേക്കുറിച്ചേ അറിയൂ. ആത്മീയതയെ ആരും അറിയുന്നില്ല. സുപ്രീം ആത്മാവാണ് വന്ന് ജ്ഞാനം നല്കുന്നത്. ആ സുപ്രീമിന്റെ ജന്മവും ആഘോഷിക്കുന്നുണ്ട്. അവരെത്തന്നെയാണ് സുഖത്തിന്റെ സാഗരം, ശാന്തിസാഗരം, ദുഃഖഹര്ത്താവ്, സുഖകര്ത്താവ് എന്നെല്ലാം വിളിക്കുന്നത്. ശിവന് എന്നത് പേരല്ലേ. ജയന്തിയും ആഘോഷിക്കുന്നു. പക്ഷേ ബുദ്ധിയില് ഒന്നും തന്നെയില്ല. അച്ഛന് തന്നെയാണീ രഹസ്യങ്ങള് മുഴുവന് കേള്പ്പിക്കുന്നത്. വീണ്ടും 5000 വര്ഷങ്ങള്ക്ക് ശേഷം കേള്പ്പിക്കും. ഈ ജ്ഞാനം സത്യയുഗത്തില് ഉണ്ടാകില്ല എന്തെന്നാല് അവിടെ ആത്മാക്കള് സതോപ്രധാനമാണ്. ജ്ഞാനത്തിലൂടെയാണ് അവര് അങ്ങനെയായി മാറിയത്. ഇത് പുതിയ കാര്യമല്ലേ. ക്ഷേത്രം ഉണ്ടാക്കുന്നവര്ക്ക് പോലും അറിയില്ല ഈ ലക്ഷ്മീ നാരായണന്മാരുടെ ക്ഷേത്രം നമ്മള് എന്തുകൊണ്ടാണ് ഉണ്ടാക്കുന്നത്? അവര്ക്ക് ഈ രാജ്യം ആരാണ് നല്കിയത്? എങ്ങനെ ഈ പദവി നേടി? പറയാറില്ലേ കര്മ്മത്തിന്റെ ഫലമാണെന്ന്. ഇപ്പോള് അച്ഛന് ഇരുന്ന് കര്മ്മം- അകര്മ്മം- വികര്മ്മത്തിന്റെ ഗതി മനസ്സിലാക്കിത്തരുകയാണ്. അവരും ഈ ജ്ഞാനം കേട്ടിട്ടുണ്ടാകും. ഇത് ഭഗവാന്റെ വാക്കുകളാണ്- ഗീതയിലൂടെ തന്നെയാണ് ആദിസനാതന ദേവീദേവതാ ധര്മ്മത്തിന്റെ സ്ഥാപനയുണ്ടായത്. അവിടെ വളരെ കുറച്ച് മനുഷ്യരേ ഉണ്ടാകൂ. ബാക്കി മുഴുവന് പഴയസൃഷ്ടിയും എവിടെപ്പോയി? തീര്ച്ചയായും വിനാശം സംഭവിച്ചിരിക്കണം. മഹാഭാരതയുദ്ധത്തെക്കുറിച്ചും പാടിയിട്ടുണ്ട്. ഗിരിധര കവിരാജന് എന്നു പറയുന്നു. ഇപ്പോള് ഗിരിധരന് എന്നു പറയുന്നത് കൃഷ്ണനെയാണ്. കവി ആരാണ്? ശിവബാബയേയാണ് കവി എന്നു പറയുന്നത്. കവി അര്ത്ഥം കേള്പ്പിക്കുന്നയാള്.

നിങ്ങള്ക്ക് അറിയാം അപകടങ്ങള് വളരെയധികം വരാനുണ്ട്. പഴയ ലോകത്തിന്റെ വിനാശത്തിനായി എന്തെല്ലാം വസ്തുക്കളാണ് നിര്മ്മിക്കുന്നത്. ഇത് അതേ മഹാഭാരതയുദ്ധം തന്നെയാണ് ഇപ്പോള് ഭഗവാന് വന്ന് രുദ്രജ്ഞാനയജ്ഞം രചിച്ചിരിക്കുകയാണ്. ഭഗവാന് യജ്ഞം എന്തിനാണ് രചിക്കുന്നത്? യജ്ഞം രചിക്കുന്നത് സുഖ-ശാന്തിയ്ക്കുവേണ്ടിയാണ്. അച്ഛന് എല്ലാവരുടേയും ദുഃഖഹര്ത്താവും സുഖകര്ത്താവുമാണ്. അതിനാല് ഈ ജ്ഞാനയജ്ഞത്തില് മുഴുവന് പഴയസൃഷ്ടിയും സ്വാഹാ ആവും. നിങ്ങള്ക്കറിയാം നമ്മള് ബ്രാഹ്മണര് ഈ

യജ്ഞത്തിന്റെ സേവകരാണ്. നമ്മള് ബ്രാഹ്മണര് ബ്രഹ്മാവിന്റെ സത്യമായ മുഖവംശാവലികളാണ് അതിനാല് ബാബ മുഖത്തിലൂടെ എന്ത് പറയുന്നുവോ അത് അംഗീകരിക്കണം. ശ്രീ ശ്രീയുടെ ശ്രേഷ്ഠ മതത്തിലൂടെ മാത്രമേ നമ്മള് ശ്രേഷ്ഠരായി മാറി, രുദ്രന്റെ കഴുത്തിലെ മാലയിലെ മണിയാവൂ. ശാഖകള് ഉണ്ടാകുന്നു- വാസ്വാനി വംശം, കൃപലാനി വംശം.......മുകളില് ശിവബാബയാണ്, ബാബയുടേത് നിരാകാരീ വൃക്ഷമാണ്. നിരാകാരീ വൃക്ഷം പിന്നീട് സാകാരീ വൃക്ഷമാകുന്നു. ആദ്യ നമ്പറില് പ്രജാപിതാവാണ്. എങ്കില് അവര് പരിധിയുള്ളതും ബാബ ആത്മീയവുമാണ്. ആത്മീയ അച്ഛന് വന്ന് പ്രജാപിതാ ബ്രഹ്മാവിലൂടെ രചനകളെ രചിക്കുന്നു. അല്ലയോ പതീതപാവനാ വരൂ എന്ന് അവരെ വിളിക്കുന്നുമുണ്ട്. പഴയ പതീതലോകത്തെ പാവനമാക്കാന് വരൂ. പുതിയത് ഉണ്ടാക്കുന്നില്ല. പ്രളയം ഉണ്ടാകുന്നില്ല. കേവലം ഈ ലോകത്തിന്റെ ഹിസ്റ്ററിയും ജോഗ്രഫിയും ആവര്ത്തിക്കുന്നു. 84ന്റെ ചക്രം വീണ്ടും ആരംഭിക്കുന്നു. പരിധിയില്ലാത്ത അച്ഛനില് നിന്നും പരിധിയില്ലാത്ത ജ്ഞാനവും പരിധിയില്ലാത്ത സമ്പത്തും ലഭിക്കുന്നു. പരിധിയില്ലാത്ത അച്ഛനെ എല്ലാവരും ഓര്മ്മിക്കുന്നിണ്ട്- അല്ലയോ ഭഗവാനേ എന്നു വിളിക്കാറില്ലേ. അല്ലയോ ഭഗവാനേ, ഹേ പ്രഭോ എന്നെല്ലാം വിളിക്കുമ്പോള് ഒരു ചിത്രവും ഓര്മ്മയില് വരില്ല. നിരാകാരനെയാണ് ഓര്മ്മവരുന്നത്. ഭഗവാനെ ഓര്മ്മിക്കൂ എന്നും പറയാറില്ലേ. അച്ഛനല്ലേ. നമ്മള് എല്ലാവരും സഹോദരങ്ങളാണ്. ആത്മാക്കള്ക്കാണ് പറയുന്നത് എല്ലാവരും സഹോദരങ്ങളാണ്. എല്ലാവരും വിളിക്കുന്നുണ്ട്- അല്ലയോ പതീതപാവനാ, ദുഃഖഹര്ത്താ, സുഖകര്ത്താ, അല്ലയോ മുക്തിദായകാ വന്നാലും, ഞങ്ങള്ക്ക് വഴി കാണിച്ചുതന്നാലും. വീടിനെ മറന്നു. ഓര്മ്മയുണ്ട് പക്ഷേ നമുക്ക് പോകാന് കഴിയില്ല. യോഗം വെയ്ക്കുന്നതിലൂടെ നെയ്യ് ഒഴിക്കുന്നത് പോലെയാണ് . ആത്മാവ് അവിനാശിയല്ലേ. അതിനാല് ആത്മാവിലെ ജ്യോതി പൂര്ണ്ണമായി അണയുകയില്ല. അതിനാല് ഇപ്പോള് യോഗബലമാകുന്ന നെയ്യ് ഒഴിക്കണം. പിന്നീട് സദാ കാലത്തേയ്ക്ക് ദീപാവലി, വെളിച്ചമായിത്തീരും. ദീപാവലി അര്ത്ഥം ഓരോ വീട്ടിലും പ്രകാശം. എങ്കില് ദീപാവലി എവിടെയാണുണ്ടാവുക? സത്യയുഗത്തില്. ഇവിടെയല്ല. ഈ മുഴുവന് രഹസ്യവും നിങ്ങള് അറിയുന്നു, നിങ്ങള്ക്ക് അന്ധവിശ്വാസങ്ങളൊന്നുമില്ല. ശരി.

വളരെക്കാലത്തെ വേര്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ചിന്തകളില് നിന്നും മുക്തമാകുന്നതിനുവേണ്ടി ബാബയ്ക്കു സമാനം നോളേജ്ഫുള്ളാവണം. ബുദ്ധിയില് സദാ ജ്ഞാനത്തിന്റെ മനനം ചെയ്തുകൊണ്ടേയിരിക്കണം.

2. ആത്മീയ സേവനം ചെയ്ത് തന്റെ പ്രാലബ്ധം ഉണ്ടാക്കണം. പഴയ സമ്പത്തിനേയും ട്രാന്സ്ഫര് ചെയ്യണം.

വരദാനം :- സര്വ്വരെ പ്രതിയും ശുഭ മംഗളത്തിന്റെ ഭാവന വെച്ച് പരിവര്ത്തനപ്പെടുത്തുന്ന പരിധിയില്ലാത്ത സേവാധാരിയായി ഭവിയ്ക്കട്ടെ.

ഭൂരിപക്ഷം കുട്ടികളും ബാപ്ദാദയ്ക്കു മുന്നില് തന്റെ ഈ ആഗ്രഹം വെക്കുന്നു, ഞങ്ങളുടെ ഇന്ന സംബന്ധി പരിവര്ത്തനപ്പെടണം. വീട്ടുകാര് കൂട്ടു നില്ക്കണം, എന്നാല് അവരെ മാത്രം തന്റെ ആളുകളെന്നു മനസ്സിലാക്കിയാണ് സങ്കല്പം വെക്കുന്നത്, ഈ പരിധിയുള്ള മതില്ക്കെട്ടു കാരണത്താല് താങ്കളുടെ ശുഭ മംഗളത്തിന്റെ ഭാവന, ആ ആത്മാക്കള് വരെ എത്തുന്നില്ല. പരിധിയില്ലാത്ത സേവാധാരി സര്വ്വരെ പ്രതിയും ആത്മീയ ഭാവം അഥവാ പരിധിയില്ലാത്ത ആത്മീയ ദൃഷ്ടി, സഹോദര സംബന്ധത്തിന്റെ മനോഭാവത്തിലൂടെ ശുഭഭാവന വെക്കുന്നു. അപ്പോള് അതിന്റെ ഫലം തീര്ച്ചയായും പ്രാപ്തമാക്കുന്നു. ഇതാണ് മനസാ സേവനത്തിന്റെ യഥാര്ത്ഥ വിധി.

സ്ലോഗന് :- ജ്ഞാനമാകുന്ന ബാണത്തെ ബുദ്ധിയാകുന്ന ആവനാഴിയില് നിറച്ച് മായയോട് യുദ്ധം ചെയ്യുന്നവരാണ് മഹാവീരനായ യോദ്ധാക്കള്.